(ബി) 1-10-2014-ൽ കൂടിയ ഡയറക്ടർ ബോർഡ് ഇക്കാര്യം ചർച്ച ചെയ്യുകയും അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എം.എം.എൽ.-ൽ നിയമം ലംഘിച്ച് ഖനന കോൺട്രാക്ട് നൽകിയ നടപടി

254 (2492) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എം.എം.എൽ.-ൽ നിയമം ലംഘിച്ചാണ് മൈനിംഗ് സൈറ്റിൽ ഖനന കോൺട്രാക്ട് നൽകിയതെന്ന് ബഹു. ഹൈക്കോടതി കണ്ടെത്തിയതിനു ശേഷം നടന്ന റീ-ടെണ്ടറിൽ കമ്പനിക്ക് എത്ര കോടി രൂപ നേട്ടമുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ബി) കമ്പനിയിൽ നിയമം ലംഘിച്ച് ടെണ്ടർ നടപടിക്രമത്തിൽ ബോധപൂർവ്വം വീഴ്ച വരുത്തി കമ്പനിക്ക് നഷ്ടമുണ്ടാക്കിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കമ്പനിക്ക് 1,33,75,236.00 രൂപ ലാഭം ഉണ്ടായി.

(ബി) കമ്പനിയിൽ നിലനിൽക്കുന്ന എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടു തന്നെയാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത്.

ചവറ റേഞ്ച്- ധാതുമണൽ സമ്പത്ത്

255 (2493) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചവറ റേഞ്ച് എന്നറിയപ്പെടുന്ന നീണ്ടകര മുതൽ കായംകുളം വരെയുള്ള തീരത്തുള്ള ധാതുമണൽ സമ്പത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇത് ഖനനം ചെയ്യുന്നതിനും ഗുണകരമായി വിനിയോഗിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) കേരളത്തെ മറ്റൊരു ഗൾഫാക്കി മാറ്റാൻ സാധ്യതയുള്ളതാണ് ഈ ധാതുസമ്പത്തെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly